ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ബഡ്ജറ്റിൽ വകയിരുത്തിയ തുക വിനിയോഗിക്കുന്നതായുള്ള പരാതി

74 (509) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്തു വിഭാഗത്തിന്റെ വിവിധ മുഖ്യ പുതിയ റോഡുകളുടേയും മേജർ ഡിസ്ട്രിക്ട് റോഡുകളുടേയും പ്രവർത്തനത്തിന് വേണ്ടി ബഡ്ജറ്റിൽ വകയിരുത്തുന്ന തുകകൾ വിനിയോഗിച്ചു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റോഡുകളുടെയും പാലങ്ങളുടെയും പണി സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്വീകരിക്കുന്നതാണ്.

ജനറൽ ആശുപത്രി അറ്റകുറ്റപ്പണി ചെയ്ത കോൺട്രാക്ടർക്ക് ലഭിക്കാനുള്ള കുടിശ്ശിക

77 (504) ശ്രീ. വെങ്ങാനൂർ വി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിർമ്മാണ അറ്റകുറ്റപ്പണികൾ ചെയ്ത വകയിൽ കോൺട്രാക്ടർമാർക്ക് എന്ത് തുക കുടിശ്ശിക കൊടുത്തു തീർക്കുവാനുണ്ട് ;

(ബി) ബിൽ കുടിശ്ശികയുടെ പേരിൽ കൂടുതലായി വരുന്ന അറ്റകുറ്റപ്പണികൾ ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആശുപത്രികളുടെ അടിയന്തിര സ്ഥിതി പരിഗണിച്ച് ബിൽ കുടിശ്ശിക കൊടുത്തുതീർക്കുന്നതിൽ മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) മൂന്നു ലക്ഷംരൂപ.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly